**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4218** | **24/10/2016** ൽ മറുപടിക്ക്

## വിജിലൻസ് ഓഫീസുകളോട് അനുബന്ധിച്ച് ലോക്കപ്പ് നിർമ്മിക്കണമെന്ന നിർദ്ദേശം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ. പി.ടി. തോമസ്** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) വിജിലൻസ് ഓഫീസുകളോട് അനുബന്ധിച്ച് ലോക്കപ്പ് നിർമ്മിക്കണമെന്ന നിർദ്ദേശം വിജിലൻസ് ഡയറക്ടർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ) | ഉണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഓഫീസുകളെ പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യമായ ലോക്കപ്പ് സംവിധാനം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 23 യൂണിറ്റ് ഓഫീസുകളിലും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) ജസ്റ്റിസ് കെ.റ്റി.തോമസ് കമ്മീഷൻ പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ എത്ര പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്; | ബി) | ഉണ്ട്. സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| സി) പോലീസ് സ്റ്റേഷനുകളിൽ നിന്നും ഒഴിവാക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ലോക്കപ്പ് സമ്പ്രദായം വിജിലൻസ് ഓഫീസുകളോട് അനുബന്ധിച്ച് കൊണ്ടുവരുവാൻ ശിപാർശ ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ? | സി) | ബഹു. ഗവർണറുടെ "സീറോ ടോളറൻസ് ടു കറപ്ഷൻ" എന്ന നയപ്രഖ്യാപനമനുസരിച്ച് അഴിമതി നിരോധനം വളരെ ശക്തമായി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് വിജിലൻസ് ഓഫീസുകളോടനുബന്ധിച്ച് ലോക്കപ്പ് സമ്പ്രദായം നടപ്പിലാക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്. |

Rashmi.T.

**സെക്ഷൻ ഓഫീസർ**